## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.90 — 30.06.2016-ൽ മറുപടിക്ക്

### ജലനിധി രണ്ടാംഘട്ട പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, കെ.എസ്.ശബരീനാഥൻ<br>,, അനിൽ അക്കര<br>,, എൽദോസ് കുന്നപ്പിള്ളി : | ശ്രീ. മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ ജലനിധി രണ്ടാംഘട്ട പദ്ധതികൾ ആരംഭിക്കുന്നതിന് മുൻ ഗവൺമെന്റ് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിരുന്നു; വിശദമാക്കുമോ; | എ 2012-17 കാലയളവിൽ ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ, കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്നതിന് 1022 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന രണ്ടാംഘട്ട ജലനിധി പദ്ധതി സർക്കാർ ആവിഷ്കരിക്കുകയും, ലോകബാങ്കിൽ നിന്നും ആവശ്യമായ ധനസഹായം ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br>എറണാകുളം, ആലപ്പുഴ ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള തെരെഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിലും തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി, തൃശ്ശൂർ എന്നീ 9 ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ബി ഇതുവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത്; | ബി ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും, സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. മൂന്നു ബാച്ചുകളിലായി 11.5 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും, 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി | ഇതിനായി ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിശദമാക്കാമോ; | സി | വിവിധ ബാച്ചുകളിലായി നടപ്പാക്കുന്ന പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ മറ്റു ജില്ലകളിൽ നിന്നു തെരെഞ്ഞെടുക്കുന്ന ഗ്രാമപഞ്ചായത്തുകളിലും, തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കുന്ന വിവിധ പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ ഏതാനും മൾട്ടി ജി.പി പദ്ധതികൾ പുനരുദ്ധാരണ, നവീകരണ പ്രവർത്തനങ്ങൾ നടത്തി, സമീപ പഞ്ചായത്തുകൾക്ക് ജലനിധി മാതൃകയിൽ ജലവിതരണം നടത്തുന്നതിനുള്ള പദ്ധതികളും നടപ്പാക്കുന്നതിന് തീരുമാനിച്ചിരുന്നു. ടി പഞ്ചായത്തുകളിൽ എല്ലാം തന്നെ ശുചിത്വ സൗകര്യങ്ങളും, ഗ്രൗണ്ട് വാട്ടർ റീചാർജ്ജ് സംവിധാനങ്ങളും നടപ്പാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ജലനിധി രണ്ടാംഘട്ട പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുകയിൽ 64% ലോകബാങ്ക് വായ്പ മുഖേന ലഭ്യമാക്കുകയും, ബാക്കി തുക ജലനിധി നിയമാവലി അനുസരിച്ചുള്ള സംസ്ഥാന സർക്കാർ - ഗ്രാമപഞ്ചായത്ത് - ഗുണഭോക്തൃസമിതികളുടെ വിഹിതമായും എടുക്കുന്നു. |
| ഡി | പദ്ധതി നിർവ്വഹണത്തിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | ഡി | പദ്ധതി നിർവ്വഹണത്തിൽ കൈവരിച്ച പുരോഗതി താഴെ കൊടുക്കുന്നു.<br>__ബാച്ച്-1__ - 465 കുടിവെള്ള പദ്ധതികൾ നടപ്പാക്കാനായി ഏറ്റെടുത്തതിൽ 441 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിക്കുന്നതിനും, പദ്ധതികൾ പൂർത്തിയായ പഞ്ചായത്തുകളിൽ നിന്നും പദ്ധതികൾ വിടുതൽ ചെയ്ത് ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.<br><br>__ബാച്ച്-2__ - 1182 പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ 734 പദ്ധതികൾ ഇതിനകം |

പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഈ വർഷം തന്നെ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ബാച്ച്-3 - 498 കുടിവെള്ള പദ്ധതികളാണ് ഈ ബാച്ചിലെ വിവിധ പഞ്ചായത്തുകളിലായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പകുതിയിലേറെ പദ്ധതികളുടെ സ്രോതസ്സുകളുടെ പ്രവർത്തികൾ ആരംഭിച്ചു കഴിഞ്ഞു.

1156 ചെറുകിട ജലവിതരണ പദ്ധതികൾ ഇതുവരെ (മേയ്, 2016) കമ്മീഷൻ ചെയ്തിട്ടുണ്ട്. 3,42,000 ത്തോളം ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

മൾട്ടി ജി.പി പദ്ധതികൾ - 12 ഗ്രാമ പഞ്ചായത്തുകൾക്ക് കുടിവെള്ള വിതരണം നടത്തുന്നതിനായി 3 കെ.ഡബ്ല്യൂ.എ പദ്ധതികൾ തെരഞ്ഞെടുത്തിരുന്നു. ഇതിൽ മാളയും, സമീപ 5 പഞ്ചായത്തുകൾക്കുമുള്ള പദ്ധതിയിൽ കേരള വാട്ടർ അതോറിറ്റിയുടെ പൊതുഘടകങ്ങളുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ജലനിധി വിതരണ ശൃംഖലയുടെ 90% പണിയും പൂർത്തിയായിട്ടുണ്ട്. ഊരകം, വേങ്ങര, പറപ്പൂർ പദ്ധതിയും, തെന്നല, ഒഴൂർ, പെരുമണ്ണക്ലാരി പദ്ധതിയും, കേരള വാട്ടർ അതോറിറ്റി, ജലനിധി ഘടകങ്ങളുടെ പ്രവർത്തികളും പുരോഗമിച്ചു വരുന്നു.

ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ റീസ്ട്രക്ചറിംഗിനു വേണ്ടിയുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ